## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2186 — 8.12.2014-ന് മറുപടിക്ക്

### വിജ്ഞാപനം ചെയ്ത പരിസ്ഥിതി ദുർബല പ്രദേശങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ.പി.ജയരാജൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ, (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |

.....

| ചോദ്യം | മറുപടി |
| --- | --- |
| (എ) പശ്ചിമഘട്ടത്തിലെ ഏതെല്ലാം വില്ലേജുകളിലെ ഏതെല്ലാം പ്രദേശങ്ങളാണ് പരിസ്ഥിതി ദുർബല പ്രദേശങ്ങളായി വിജ്ഞാപനം ചെയ്തിട്ടുള്ളത്;<br>(ബി) ഇങ്ങനെ വിജ്ഞാപനം ചെയ്തിട്ടുള്ള ആകെ ഭൂമിയുടെ വിസ്തൃതി എത്രയാണ്;<br>(സി) ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള കോടതി വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സംസ്ഥാന ഗവൺമെന്റ് സമർപ്പിച്ച റിപ്പോർട്ടിൽ ഏതെല്ലാം പ്രദേശങ്ങളാണ് പരിസ്ഥിതി ദുർബല പ്രദേശങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നുള്ള ജില്ല തിരിച്ചും വില്ലേജ് തിരിച്ചുമുള്ള കണക്കുകൾ ലഭ്യമാക്കുമോ ? | (എ) യും (ബി) യും (സി) യും 2014 മാർച്ച് 10-ലെ കേന്ദ്രസർക്കാരിന്റെ കരട് വിജ്ഞാപന പ്രകാരം പശ്ചിമഘട്ടത്തിലെ പരിസ്ഥിതിലോല പ്രദേശങ്ങളായി ഉൾപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങളുടെ വിവരം സംസ്ഥാനം, ജില്ല, വില്ലേജ് ഇവ തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു. കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരം 59940 ചതുരശ്ര കിലോ മീറ്ററാണ് പരിസ്ഥിതിലോല പ്രദേശങ്ങളായി കണക്കാക്കിയിട്ടുള്ളത്. എന്നാൽ മേൽ സൂചിപ്പിച്ച കരട് വിജ്ഞാപന പ്രകാരം പരിസ്ഥിതിലോല പ്രദേശങ്ങളുടെ വിസ്തൃതി 56825 ചതുരശ്ര കിലോ മീറ്ററായി കുറവുചെയ്തിട്ടുണ്ട്. കേരളത്തിന്റെ അഭ്യർത്ഥന പരിഗണിച്ചാണ് വിസ്തൃതിയിൽ കുറവു വരുത്തിയത്. കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിൽ സംസ്ഥാനത്ത് പരിസ്ഥിതിലോല പ്രദേശമായി കണക്കാക്കിയിരുന്നത് 13,108 ചതുരശ്ര കിലോമീറ്ററായിരുന്നു. കരട് വിജ്ഞാപനത്തിൽ ഇത് 9993.7 ചതുരശ്ര കിലോ മീറ്ററായി ചുരുക്കി. (ഇതിൽ 886.7 ചതുരശ്ര കി.മീ. മാത്രമാണ് വനേതര പ്രദേശം). കേരളത്തിലെ പരിസ്ഥിതിലോല പ്രദേശങ്ങളുടെ ജില്ല- വില്ലേജ് തിരിച്ചുള്ള വിവരം അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**